## പതിമൂന്നാം കേരള നിയമസഭ

# സബ്ജക്റ്റ് കമ്മിറ്റി IV

## വ്യവസായവും ധാതുക്കളും

**2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ
പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ
(5)-ാം ഉപചട്ടപ്രകാരമുള്ളത്

2012 ജൂലൈ 19-ാം തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# സബ്ജക്റ്റ് കമ്മിറ്റി IV

## വ്യവസായവും ധാതുക്കളും

2011-2012 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ
പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ
(5)-ാം ഉപചട്ടപ്രകാരമുള്ളത്

971/2012.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## സബ്ജക്റ്റ് കമ്മിറ്റി IV

## വ്യവസായവും ധാതുക്കളും (2011-2013)

### ഘടന

ചെയർമാൻ :

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി,
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. അടൂർ പ്രകാശ്,
റവന്യൂവും കയറും വകുപ്പുമന്ത്രി

ശ്രീ. സി. എൻ. ബാലകൃഷ്ണൻ,
സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

,, അബ്ദുറഹിമാൻ രണ്ടത്താണി

,, എളമരം കരീം

,, സി. കൃഷ്ണൻ

,, സാജു പോൾ

,, വി. ശശി.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്

,, കെ. സി. ജോസഫ്കുട്ടി, ജോയിന്റ് സെക്രട്ടറി

,, സി. ജോസ്, ഡെപ്യൂട്ടി സെക്രട്ടറി

,, രാജു, വൈ., അണ്ടർ സെക്രട്ടറി.

## അവതാരിക

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി IV-ന്റെ 2011-2012 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) പ്രകാരം സബ്ജക്റ്റ് കമ്മിറ്റി IV-ന്റെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2012 ജൂലൈ 12-ാം തീയതി ചേർന്ന യോഗത്തിൽ 2011-2012 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമായ അനന്തര നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിച്ചു.

2012 ജൂലൈ 12-ന് ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

പി. കെ. കുഞ്ഞാലിക്കുട്ടി,
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി IV.*

തിരുവനന്തപുരം,
2012 ജൂലൈ 12.

# റിപ്പോർട്ട്

## 2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി IV-ന്റെ 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്മേൽ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2011-12 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ട് സബ്ജക്റ്റ് കമ്മിറ്റി IV (2011-13)–ന്റെ 22-8-2011-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും 26-9-2011-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിൽ ആകെ 95 ശുപാർശകളാണുണ്ടായിരുന്നത്. പ്രസ്തുത ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളടങ്ങുന്ന സ്റ്റേറ്റ്മെന്റുകൾ 12-7-2012-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## കൈത്തറി വ്യവസായങ്ങൾ

### ശുപാർശ നമ്പർ 10

2851-00-103-47—സംയോജിത കൈത്തറി വികസന പദ്ധതി (കേന്ദ്ര സഹായ പദ്ധതി)

| | | |
|---|---|---|
| ബഡ്ജറ്റ് വിഹിതം | : | 1 കോടി 10 ലക്ഷം രൂപ |
| സംസ്ഥാന വിഹിതം | : | 10 ലക്ഷം രൂപ |
| കേന്ദ്ര വിഹിതം | : | 1 കോടി രൂപ |

300 മുതൽ 500 വരെ കൈത്തറികൾ ഉള്ള ക്ലസ്റ്ററുകൾ ഈ പദ്ധതിപ്രകാരം ധനസഹായത്തിനർഹമാണ്. സംസ്ഥാനത്ത് ധനസഹായം നൽകാവുന്ന 24 ക്ലസ്റ്ററുകൾ തെരഞ്ഞെടുത്തിട്ടുണ്ട്. ഈ ക്ലസ്റ്ററുകൾക്ക് കേന്ദ്ര ഗവൺമെന്റ് അനുമതി നൽകി 1-ാം ഗഡു വിതരണം ചെയ്തു. 9 ക്ലസ്റ്ററുകൾക്ക് രണ്ടാം ഗഡുവായി 144.17 ലക്ഷം രൂപ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. ആയതിനാൽ 44.17 ലക്ഷം രൂപ കൂടി അധിക മായി കേന്ദ്രവിഹിതം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### സ്വീകരിച്ച നടപടി

നടപ്പ് സാമ്പത്തിക വർഷം മൊത്തം 22 ക്ലസ്റ്ററുകൾക്കായി 360.345 ലക്ഷം രൂപ കേന്ദ്ര വിഹിതമായി അനുവദിച്ചു. ജി.ഒ. (ആർറ്റി.) നമ്പർ 8800/2011/ഫിൻ. തീയതി 30-11-2011 പ്രകാരം അധികസഹായമായി സമിതി ശുപാർശ ചെയ്ത 44.17 ലക്ഷം രൂപ ഉൾപ്പെടെ 250.35 ലക്ഷം രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

### ശുപാർശ നമ്പർ 11

സേലം IIHT-യ്ക്ക് സമാനമായ രീതിയിൽ ഭാരത സർക്കാരിന്റെ സഹായ ത്തോടെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്‌ലൂം ടെക്നോളജി സ്ഥാപിക്കുന്നതിനുള്ള

പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി 2 കോടി 46 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത പദ്ധതിക്കായി 2 കോടി 46 ലക്ഷം രൂപ കൂടി 2011-12 സാമ്പത്തിക വർഷത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നു. പ്രസ്തുത ശുപാർശകൾ കൂടി പരിഗണിച്ച് 2012-13-ലെ ബഡ്ജറ്റിൽ 4.49 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയത് അനുവദിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

ശുപാർശ നമ്പർ 12

2851-00-103-60—കൈത്തറിത്തുണികൾ വിറ്റഴിക്കുന്നതിനുള്ള പ്രത്യേക റിബേറ്റ് (100% കേന്ദ്ര സഹായം)

ബഡ്ജറ്റ് വിഹിതം : 1,000 രൂപ ടോക്കൺ പ്രൊവിഷൻ

കേന്ദ്ര റിബേറ്റ് 2,26,49,887 രൂപ അനുവദിച്ചിട്ടുണ്ട്. ടി ഹെഡിൽ 2,26,49,887 രൂപയും കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2,76,49,887 രൂപ അധിക സഹായമായി സംഘങ്ങൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

## ഖാദി വ്യവസായം

ശുപാർശ നമ്പർ 13

2851-00-105-99(09)—കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ്-ഭരണപരമായ ചെലവുകൾ-സഹായധനം

ബഡ്ജറ്റ് വിഹിതം : 5 കോടി 88 ലക്ഷം രൂപ (പ്ലാൻ)

ഖാദി വകുപ്പിലെ ഉല്പാദന കേന്ദ്രങ്ങളുടെ വർക്ക്ഷെഡ് നിർമ്മാണം, കണ്ണൂർ ജില്ലയിലെ ഏറ്റുകുടുക്കയിൽ സ്ലൈവർ പ്രോജക്ടിന്റെ ആധുനികവൽക്കരണവും നവീകരണവും, ഖാദി വകുപ്പിലെ ഉല്പാദന കേന്ദ്രങ്ങളുടെ പുനരുദ്ധാരണം, വാർത്താ വിതരണവും പ്രചരണവും പരിശീലനവും, ഖാദി ബോർഡിന്റെ കമ്പ്യൂട്ടർവൽക്കരണം, തേനീച്ച വളർത്തൽ വ്യവസായ വികസനം, സിൽക്ക് ഉല്പാദനകേന്ദ്രങ്ങൾ സ്ഥാപിക്കലും നെയ്ത്തുകാർക്കും നൂൽ നൂൽപ്പുകാർക്കും ഉല്പാദന പ്രോത്സാഹനവും നെയ്ത്ത് മേഖല ശക്തിപ്പെടുത്തലും, ഖാദി വകുപ്പുതല ഗ്രാമവ്യവസായ യൂണിറ്റുകളുടെ സ്ഥാപനം ശക്തിപ്പെടുത്തലും എന്നീ പദ്ധതികൾക്കാണ് ആകെ 5 കോടി 88 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നത്. ഇത് ബോർഡിന്റെ പ്രവർത്തനത്തിന് പര്യാപ്തമല്ലാത്തതിനാൽ ഓരോന്നിനും താഴെപ്പറയും പ്രകാരം തുകകൾ വർദ്ധിപ്പിച്ചു നൽകുന്നതിന് ശുപാർശ ചെയ്യുന്നു:

## ശുപാർശ നമ്പർ 14

### ഖാദി വകുപ്പിലെ ഉൽപ്പാദനകേന്ദ്രങ്ങളുടെ വർക്ക്ഷെഡ് നിർമ്മാണം

വർക്ക്ഷെഡുകൾ, ബോയിലിംഗ് ഷെഡുകൾ, ഡൈയിംഗ് യൂണിറ്റുകൾ, വാർപ്പ് യൂണിറ്റുകൾ എന്നിവ നിർമ്മിക്കേണ്ട ആവശ്യങ്ങൾക്കായി 1 കോടി 30 ലക്ഷം രൂപയുടെ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നുവെങ്കിലും 75 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ ബാക്കി തുകയായ 55 ലക്ഷം രൂപ കൂടി വകയിരുത്തുവാൻ സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ പരിമതി കാരണം 2011-12-ലെ ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുവാൻ സാധിച്ചില്ല. 2012-13 വർഷത്തിൽ ഈ ഇനത്തിൽ 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## ശുപാർശ നമ്പർ 15

### കണ്ണൂർ ജില്ലയിലെ ഏറ്റുകുടുക്കയിൽ സ്ലീവർ പ്രോജക്ടിന്റെ ആധുനികവൽക്കരണവും നവീകരണവും

ഉൽപ്പാദനകേന്ദ്രങ്ങളിലെ നൂൽപ്പുകാർക്ക് ആവശ്യമായതും ഗുണമേന്മയുള്ളതുമായ സ്ലീവർ നൽകുന്നതിനും അസംസ്കൃത പരുത്തി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുമായി അസംസ്കൃത വസ്തുക്കളുടെ ശേഖരണം, യന്ത്രസാമഗ്രികൾ വാങ്ങൽ, സ്ലീവർ പദ്ധതിയുടെ നവീകരണം, വിപുലീകരണം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി കണ്ണൂർ ജില്ലയിലെ ഏറ്റുകുടുക്കയിൽ നിലവിലുള്ള സ്ലീവർ പ്രോജക്ടിന്റെ നവീകരണമുൾപ്പെടെയുള്ള ചെലവുകൾക്കായി 3 കോടി രൂപയുടെ പദ്ധതി സമർപ്പിച്ചിരുന്നുവെങ്കിലും 1 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ ബാക്കി തുകയായ 2 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

### സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ പരിമിതി കാരണം 2011-12-ലെ ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുവാൻ സാധിച്ചില്ല. 2012-13 വർഷത്തിൽ ഈ ഇനത്തിൽ 240 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## ശുപാർശ നമ്പർ 16

### ഖാദി വകുപ്പിലെ ഉൽപ്പാദനകേന്ദ്രങ്ങളുടെ പുനരുദ്ധാരണം

ഖാദി വകുപ്പിന്റെ ഉൽപ്പാദന യൂണിറ്റുകളിലെ നെയ്ത്ത് യൂണിറ്റുകളും സ്പിന്നിംഗ് യൂണിറ്റുകളും പുനരുദ്ധരിക്കൽ, ചർക്കകളും തറികളും നന്നാക്കൽ, പുതിയ തറികളും ചർക്കകളും സ്ഥാപിക്കൽ, സ്പെയർ പാർട്ട്സുകൾ വാങ്ങൽ എന്നിവയും ഉൽപ്പാദന കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമായി 4 കോടി 20 ലക്ഷം രൂപയുടെ പദ്ധതി സമർപ്പിച്ചിരുന്നുവെങ്കിലും 90 ലക്ഷം രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ ബാക്കി തുകയായ 3 കോടി 30 ലക്ഷം രൂപ കൂടി വകയിരുത്തുവാൻ സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ പരിമിതി കാരണം 2011-12-ലെ ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുവാൻ സാധിച്ചില്ല. 2012-13 വർഷത്തിൽ ഈ ഇനത്തിൽ 44 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ നമ്പർ 17

വാർത്താവിതരണവും പ്രചരണവും പരിശീലനവും

ഖാദി ഉൽപ്പന്നങ്ങളെ സംബന്ധിച്ച് പൊതു അവബോധം സൃഷ്ടിക്കുന്നതിന് ബ്രാൻഡ് മാർക്കറ്റിംഗ്, ദേശീയ പ്രാധാന്യമുള്ള അവസരങ്ങളിൽ പ്രത്യേക പരസ്യങ്ങൾ, പ്രസ്സ് പബ്ലിസിറ്റി, പ്രസ്സ് കോൺഫറൻസ്, ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ തുടങ്ങിയവ മുഖേന പരസ്യങ്ങൾ നൽകുന്നതിനും, പ്രദർശനങ്ങൾ, മേളകൾ എന്നിവ സംഘടിപ്പിക്കുന്നതിനും തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിനുമായി 50 ലക്ഷം രൂപയുടെ പദ്ധതി സമർപ്പിച്ചിരുന്നുവെങ്കിലും 5 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ ബാക്കി തുകയായ 45 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ പരിമിതി കാരണം 2011-12-ലെ ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുവാൻ സാധിച്ചില്ല. 2012-13 വർഷത്തിൽ ഈ ഇനത്തിൽ 25 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ നമ്പർ 18

ഖാദി ബോർഡിന്റെ കമ്പ്യൂട്ടർവൽക്കരണം

ഖാദി ബോർഡിന്റെയും ജില്ലാ ഓഫീസുകളുടെയും കമ്പ്യൂട്ടറൈസേഷൻ പ്രക്രിയ പൂർത്തിയാക്കുന്നതിനും സ്റ്റാഫിന്റെ കമ്പ്യൂട്ടർ പരിശീലനത്തിനും 20 ലക്ഷം രൂപയുടെ പദ്ധതി സമർപ്പിച്ചിരുന്നുവെങ്കിലും 10 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. ഈ ഇനത്തിൽ 10 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ പരിമിതി കാരണം 2011-12-ലെ ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുവാൻ സാധിച്ചില്ല. 2012-13 വർഷത്തിൽ ഈ ഇനത്തിൽ 10 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ നമ്പർ 19

തേനീച്ച വളർത്തൽ വ്യവസായ വികസനം

ഗുണനിലവാരമുള്ള തേൻ കൂടുതൽ അളവിൽ സംസ്ക്കരിക്കുന്നതിന് തേനീച്ച കർഷകർക്ക് ആവശ്യമായ പരിശീലനത്തിനും തേനീച്ച വളർത്തലിന് പ്രേരണ നൽകുന്നതിനും പുതിയ തേൻ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും

15 ലക്ഷം രൂപയുടെ പദ്ധതി സമർപ്പിച്ചിരുന്നുവെങ്കിലും 10 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ ബാക്കി തുകയായ 5 ലക്ഷം രൂപ വകയിരുത്തുവാൻ സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ പരിമിതി കാരണം 2011-12-ലെ ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുവാൻ സാധിച്ചില്ല. 2012-13 വർഷത്തിൽ ഈ ഇനത്തിൽ 6 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ നമ്പർ 20

സിൽക്ക് ഉൽപ്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കലും നെയ്ത്തുകാർക്കും നൂൽപ്പുകാർക്കും ഉല്പാദന പ്രോത്സാഹനവും നെയ്ത്ത് മേഖല ശക്തിപ്പെടുത്തലും

സിൽക്ക് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യങ്ങൾ നൽകുന്നതിനും തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിനും സിൽക്ക് ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും നെയ്ത്തുകാർക്കും നൂൽ നൂൽപ്പുകാർക്കും ഉൽപ്പാദന പ്രോത്സാഹനം നൽകുന്നതിനും 6 കോടി രൂപയുടെ പദ്ധതി സമർപ്പിച്ചിരുന്നുവെങ്കിലും 2 കോടി 73 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ ബാക്കി തുകയായ 3 കോടി 27 ലക്ഷം രൂപ കൂടി വകയിരുത്തുവാൻ സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ പരിമിതി കാരണം 2011-12-ലെ ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുവാൻ സാധിച്ചില്ല. 2012-13 വർഷത്തിൽ ഈ ഇനത്തിൽ 280 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ നമ്പർ 21

വകുപ്പുതല ഗ്രാമവ്യവസായ യൂണിറ്റുകളുടെ സ്ഥാപനവും ശക്തിപ്പെടുത്തലും

കൈ-കടലാസ് നിർമ്മാണ യൂണിറ്റുകളുടെ നവീകരണം, തേൻ സംസ്കരണ യൂണിറ്റുകളുടെ ശക്തിപ്പെടുത്തൽ, ഓയിൽ യൂണിറ്റുകളുടെ വിപുലീകരണവും സ്ഥാപിക്കലും, മെത്ത/കിടക്ക നിർമ്മാണ യൂണിറ്റും റെഡിമെയ്ഡ് ഗാർമെന്റ്സ് യൂണിറ്റും സ്ഥാപിക്കുന്നതിനും റെഡിമെയ്ഡ് ഗാർമെന്റ്സ് യൂണിറ്റിൽ തൊഴിലാളികൾക്ക് ആധുനിക സാങ്കേതിക വിദ്യ പരിശീലനം നൽകുന്നതിനും ചാരിറ്റബിൾ സ്ഥാപനങ്ങൾക്കും പീഡിതവും പ്രവർത്തനരഹിതവുമായ ഗ്രാമവ്യവസായ സംഘങ്ങൾക്കും പുനരുദ്ധാരണ ഗ്രാന്റ് നൽകുന്നതിനുമായി 2 കോടി രൂപയുടെ പദ്ധതി സമർപ്പിച്ചിരുന്നുവെങ്കിലും 20 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ ബാക്കി തുകയായ 1 കോടി 75 ലക്ഷം രൂപ കൂടി വകയിരുത്തുവാൻ സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ പരിമിതി കാരണം 2011-12-ലെ ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുവാൻ സാധിച്ചില്ല. 2012-13 വർഷത്തിൽ ഈ ഇനത്തിൽ 25 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ നമ്പർ 22

ഖാദി ബോർഡിന്റെ ഓഫീസ് കെട്ടിടങ്ങളുടെ നവീകരണം

കേരള ഖാദിഗ്രാമവ്യവസായ ബോർഡിന്റെ തിരുവനന്തപുരത്തുള്ള ആസ്ഥാന മന്ദിരത്തിന് പുറമെ കൊല്ലം, ആലപ്പുഴ, പത്തനംതിട്ട (ഇലന്തൂർ), എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, പയ്യന്നൂർ എന്നിവിടങ്ങളിൽ സ്വന്തമായി ഓഫീസ് കെട്ടിടങ്ങളുണ്ട്. എറണാകുളത്ത് ഒഴികെയുള്ള ഓഫീസ് കെട്ടിടങ്ങളിൽ വില്പന കേന്ദ്രങ്ങൾ കൂടി പ്രവർത്തിച്ചു വരുന്നു. ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, വൈദ്യുതീകരണം, മറ്റ് നവീകരണപ്രവർത്തനങ്ങൾ എന്നിവയ്ക്കായി 1 കോടി രൂപയുടെ പദ്ധതി സമർപ്പിച്ചിരിന്നുവെങ്കിലും തുകയൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ 1 കോടി രൂപ വകയിരുത്തുവാൻ സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2011-12-ലെ ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുവാൻ സാധിച്ചില്ല. 2012-13 വർഷത്തിലെ ബഡ്ജറ്റിലും ഈ ഇനത്തിൽ തുകയൊന്നും വകകൊള്ളിച്ചിട്ടില്ല.

ശുപാർശ നമ്പർ 23

2851-00-105-87—ഖാദി ബോർഡിന്റെ നിലവിലുള്ള വിൽപ്പന കേന്ദ്രങ്ങൾ പുതുക്കുന്നതിനും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും ഗോഡൗണുകൾ നവീകരിക്കുന്നതിനും

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ (പ്ലാൻ)

ഖാദി വിപണന സാദ്ധ്യതകൾ വർദ്ധിപ്പിക്കൽ, പുതിയ വില്പന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, നിലവിലുള്ള വില്പന കേന്ദ്രങ്ങളുടെയും സംഭരണശാലകളുടെയും നവീകരണം നടത്തൽ, സംഭരണശാലകളുടെ കമ്പ്യൂട്ടർവൽക്കരണവും നവീകരണവും നടത്തൽ എന്നിവയ്ക്കായി 1 കോടി 30 ലക്ഷം രൂപയുടെ പദ്ധതി സമർപ്പിച്ചിരുന്നുവെങ്കിലും 50 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ ബാക്കി തുകയായ 50 ലക്ഷം രൂപ കൂടി വകയിരുത്തുവാൻ സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവലഭ്യതയുടെ പരിമിതി കാരണം 2011-12-ലെ ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുവാൻ സാധിച്ചില്ല. 2012-13 വർഷത്തിൽ ഈ ഇനത്തിൽ 65 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ നമ്പർ 24

2851-11-105-85—പ്രത്യേക തൊഴിൽ സൃഷ്ടിക്കൽ പദ്ധതി (പ്ലാൻ)

പ്രോജക്ട് ചെലവിന്റെ കുറഞ്ഞ പരിധി 10,000 രൂപയും കൂടിയ പരിധി 50,000 രൂപയും ആയി നിശ്ചയിച്ച് എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഖാദിഗ്രാമവ്യവസായ യൂണിറ്റുകളെ സഹായിക്കുന്നതിനും പ്രോജക്ട് ചെലവിന്റെ 30% തുക കേരള

സർക്കാർ മാർജിൻ മണിയായും ശേഷിക്കുന്ന 70% തുക ഗുണഭോക്തൃ വിഹിതവും ബാങ്ക് വായ്പയുമായി രണ്ട് പേർക്ക് വീതം ഓരോ യൂണിറ്റിൽ തൊഴിൽ നൽകുന്നതിനുമായി ആവിഷ്ക്കരിച്ച ഈ പദ്ധതി പ്രകാരം പരമ്പരാഗത വ്യവസായ യൂണിറ്റുകൾക്ക് ഖാദിഗ്രാമവ്യവസായ ബോർഡ് മുഖേന സാങ്കേതിക സഹായം, വിപണന സഹായം, പരിശീലനം എന്നിവ നൽകുന്നതിനായി 6 കോടി 45 ലക്ഷം രൂപയുടെ പദ്ധതി സമർപ്പിച്ചിരുന്നുവെങ്കിലും 1 കോടി 10 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ ബാക്കി തുകയായ 5 കോടി 35 ലക്ഷം രൂപ കൂടി വകയിരുത്തുവാൻ സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ പരിമിതി കാരണം 2011-12-ലെ ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുവാൻ സാധിച്ചില്ല. 2012-13 വർഷത്തിൽ ഈ ഇനത്തിൽ 200 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

<u>ശുപാർശ നമ്പർ 25</u>

2851-11-105-85—<u>ഖാദി ആർട്ടിസാൻസിന് ആധുനിക സൗകര്യങ്ങൾ പ്രദാനം ചെയ്യൽ</u>

ബഡ്ജറ്റ് വിഹിതം : 10 ലക്ഷം രൂപ (പ്ലാൻ)

ഖാദി തൊഴിലാളികൾക്ക് തൊഴിൽ അവസ്ഥ മെച്ചപ്പെടുന്നതിനായി സംസ്ഥാനത്തൊട്ടാകെയുള്ള ഖാദി വകുപ്പുതല കേന്ദ്രങ്ങൾക്ക് മേശകളും സ്റ്റൂളുകളും നൽകുന്നതിനായി 50 ലക്ഷം രൂപയുടെ പദ്ധതി സമർപ്പിച്ചിരുന്നുവെങ്കിലും 10 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ ബാക്കി തുകയായ 40 ലക്ഷം രൂപ കൂടി വകയിരുത്തുവാൻ സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

വിഭവലഭ്യതയുടെ പരിമിതി കാരണം 2011-12-ലെ ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുവാൻ സാധിച്ചില്ല. 2012-13 വർഷത്തിൽ ഈ ഇനത്തിൽ 5 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

<u>ശുപാർശ നമ്പർ 26</u>

2851-00-105-77—<u>സെറിഫെഡിലെ പട്ടുനൂൽ റീലിംഗ് യൂണിറ്റുകളുടെ കാര്യാന്വേഷണം</u>

കാസർഗോഡ് ഉദുമയിലേയും ആലപ്പുഴയിലെ പട്ടണക്കാട്ടുമുള്ള സെറിഫെഡിന്റെ നിലവിലുള്ള രണ്ട് റീലിംഗ് യൂണിറ്റുകൾ ഖാദി ബോർഡിന് കൈമാറിയിരുന്നു. ഇതിന്റെ പ്രവർത്തനങ്ങൾക്കും ലേലത്തിൽ പങ്കുകൊള്ളൽ, തുറന്ന വിപണിയിൽ നിന്നുള്ള കൊക്കൂൺ സംസ്കരണം തുടങ്ങിയ ചെലവുകൾക്കുമായി ബഡ്ജറ്റിൽ 1 കോടി രൂപയുടെ പദ്ധതി സമർപ്പിച്ചിരുന്നുവെങ്കിലും 50 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ 50 ലക്ഷം രൂപ കൂടി വകയിരുത്തുവാൻ സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ പരിമിതി കാരണം 2011-12-ലെ ബഡ്ജറ്റ് വിഹിതം വർദ്ധിപ്പിക്കുവാൻ സാധിച്ചില്ല.

ശുപാർശ നമ്പർ 27

2851-00-105-99(09)—ഭരണപരമായ പദ്ധതിയിതര ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 18,21,60,000 (നോൺ പ്ലാൻ)

ജീവനക്കാർക്ക് ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നതിനായി 10.42 കോടി രൂപയും കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുകയുടെ ഏകദേശം 1/4 ആയ 6 കോടി രൂപയും ഖാദി ചില്ലറ വിൽപ്പനയ്ക്ക് നിലവിലെ 10% റിബേറ്റിന് പുറമെ ഉത്സവ കാലങ്ങളിൽ 108 ദിവസം 10% അധിക റിബേറ്റിനത്തിൽ 6 കോടി രൂപയും കൂടി ചേർത്ത് ആകെ 22.42 കോടി രൂപ കൂടി ടി ഹെഡിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നതിനായി 2851-00-105-99(31)NP എന്ന ശീർഷകത്തിൽ 18,21,60,000 രൂപ അനുവദിച്ചത് കൂടാതെ 2 കോടി രൂപ അഡീഷണൽ ആതറൈസേഷൻ മുഖേന നൽകിയിട്ടുണ്ട്. ആകെ 20,21,60,000 രൂപ അനുവദിച്ചിട്ടുണ്ട്.

റിബേറ്റിനത്തിൽ 2851-00-105-96-33 (NP) എന്ന ഹെഡിൽ 5,50,00,000 രൂപ അനുവദിച്ചത് കൂടാതെ റീ അപ്രോപ്രിയേഷൻ മുഖേന 3,17,06,000 രൂപ അനുവദിച്ചു. ആകെ 8,67,06,000 രൂപ ഈ ഇനത്തിൽ അനുവദിച്ചിട്ടുണ്ട്.

**കയർ വ്യവസായം**

ശുപാർശ നമ്പർ 28

2851-00-106-95—വ്യാപാര പ്രദർശനമുൾപ്പെടെയുള്ള പരസ്യവും പ്രചരണവും

ബഡ്ജറ്റ് വിഹിതം : 1 കോടി 50 ലക്ഷം രൂപ

കയറിന്റെ ആഭ്യന്തര വിദേശ വിപണനം ശക്തിപ്പെടുത്തുന്നതിനായി അന്താരാഷ്ട്ര മേളയായ "കയർ കേരള" സംഘടിപ്പിക്കേണ്ടതും മറ്റ് പരസ്യ പ്രചരണങ്ങൾ നടത്തേണ്ടതും അനിവാര്യമാണ്. ടി ആവശ്യങ്ങൾക്കായി അനുവദിച്ച തുക കുറവായതിനാൽ ടി ഹെഡിൽ 3 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

റീ അപ്രോപ്രിയേഷൻ വഴിയുള്ള 200 ലക്ഷം രൂപ ഉൾപ്പെടെ ഈ ശീർഷകത്തിലെ വിഹിതം 350 ലക്ഷം രൂപയായി ഉയർന്നു. ഇതിൽ കയർ കേരള 2012-നായി 280 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തു.

ശുപാർശ നമ്പർ 29

2851-00-106-93—ക്ഷേമ നടപടികൾ

ബഡ്ജറ്റ് വിഹിതം : 22 കോടി രൂപ

കയർ തൊഴിലാളി പെൻഷൻ, മാച്ചിംഗ് ഗ്രാന്റ്, മറ്റ് ക്ഷേമപദ്ധതികൾ ഇവ നടപ്പിലാക്കുന്നത് ഈ ഫണ്ടിൽ നിന്നാണ്. കൂടാതെ കയർ തൊഴിലാളി പെൻഷൻ ഈ വർഷത്തെ ബഡ്ജറ്റിൽ 300 രൂപയിൽ നിന്നും 400 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ ആവശ്യങ്ങൾക്കായി 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2011-12 ബഡ്ജറ്റിൽ അനുവദിച്ച 22 കോടി രൂപയും റീ അപ്രോപ്രിയേഷൻ വഴിയുള്ള 197.40 ലക്ഷം രൂപയും ഉൾപ്പെടെ 2397.40 ലക്ഷം രൂപ ഈ ശീർഷകത്തിൽ പെൻഷൻ നൽകുന്നതിനും മാച്ചിംഗ് ഗ്രാന്റ് ഇനത്തിൽ മറ്റ് ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിനുമായി കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് അനുവദിച്ചു നൽകി.

ശുപാർശ നമ്പർ 30

2851-00-106-75—കയർ മേഖലയിൽ ഗവേഷണവും വികസനവും

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ

പദ്ധതി പ്രകാരം 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (NCRIM) ന്റെ ഭരണപരമായ ചെലവുകൾ, ശമ്പളം, അലവൻസുകൾ എന്നിവയ്ക്കായി ഉപയോഗിക്കാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ നിബന്ധന ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിബന്ധന ഒഴിവാക്കുവാനുള്ള പ്രൊപ്പോസൽ അംഗീകരിച്ചില്ല. 2011-12 വർഷത്തിലെ ഉപധനാഭ്യർത്ഥന (SDG) വഴി നോൺ പ്ലാൻ ഇനത്തിൽ ഫണ്ട് സ്വരൂപിക്കാൻ നിർദ്ദേശം ലഭിച്ചതിനെ തുടർന്ന് പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും അനുമതി ലഭിച്ചില്ല.

ശുപാർശ നമ്പർ 31

2851-00-106-62—കയർ വ്യവസായത്തിൽ നിയന്ത്രിത യന്ത്രവൽക്കരണം

ബഡ്ജറ്റ് വിഹിതം : 20 കോടി രൂപ

വൈദ്യുതി ചാർജ്ജ് കുടിശ്ശികയുടെ പരമാവധി 50% നൽകുന്നത് ഒറ്റത്തവണ മാത്രമേ നൽകാൻ പാടുള്ളൂ എന്ന നിബന്ധന ഒഴിവാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. ഡീഫൈബറിംഗ് മില്ലുകൾക്ക് വൈദ്യുതി ചാർജ്ജിന്റെ 50% റീഇംബേഴ്സ്മെന്റ് ചെയ്ത് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നിശ്ചിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള പദ്ധതി വിഹിതം, വൈദ്യുതി ചാർജ്ജ് നൽകുന്നത് പോലുള്ള പദ്ധതിയിതര ആവശ്യങ്ങൾക്ക് അനുവദിക്കുന്നത് അഭികാമ്യമല്ല എന്നാണ് സർക്കാർ തീരുമാനം.

ശുപാർശ നമ്പർ 32

2851-00-106-64—കയർത്തൊഴിലാളികൾക്കുള്ള സഹായധനം

ബഡ്ജറ്റ് വിഹിതം : 50 ലക്ഷം രൂപ

കയർ പിരി സംഘങ്ങളിലെ ജീവനക്കാർക്ക് മാനേജീരിയൽ ഗ്രാന്റ് നൽകുന്നതിനും ഈ തുക വിനിയോഗിക്കാൻ കഴിയുന്ന രീതിയിൽ ബഡ്ജറ്റ് റൈറ്റ് അപ്പ് മാറ്റണമെന്നും 1 കോടി രൂപ അധികമായി അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കയർപിരി സംഘങ്ങളിലെ ജീവനക്കാർക്ക് മാനേജീരിയൽ ഗ്രാന്റ് നൽകുന്നതിനുള്ള പ്രൊപ്പോസൽ അംഗീകരിച്ചില്ല. പ്രാഥമിക കയർ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ശമ്പളവും ശമ്പള കുടിശ്ശികയും മറ്റ് ആനുകൂല്യങ്ങളും പോലെയുള്ള ആവർത്തന ചെലവുകൾക്ക് പദ്ധതി ഫണ്ട് വിനിയോഗിക്കുന്നത് അഭികാമ്യമല്ലെന്ന് സർക്കാർ അറിയിച്ചിട്ടുണ്ട്.

ശുപാർശ നമ്പർ 33

സ്വദേശ വിദേശ ഉപഭോക്താക്കളെ ആകർഷിച്ച് വിപണനം മെച്ചപ്പെടുത്തുന്നതിലേക്ക് ഒരു കയർഗ്രാമം രൂപീകരിക്കുന്നതിനായി 50 ലക്ഷം രൂപ പ്രത്യേക ശീർഷകം വഴി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

50 ലക്ഷം രൂപയുടെ അധിക ഫണ്ടിനായുള്ള ഉപധനാഭ്യർത്ഥന സമർപ്പിച്ചിരുന്നു. 2851-00-106-58- ശീർഷകത്തിൽ 100 രൂപ ടോക്കൺ പ്രൊവിഷനായി അനുവദിച്ചിട്ടുണ്ട്.

ശുപാർശ നമ്പർ 34

2851-00-106-34—വില വ്യതിയാന നിധി

ബഡ്ജറ്റ് വിഹിതം : 10 കോടി രൂപ

കയർ മേഖലയിൽ ചകിരിക്ഷാമം പരിഹരിക്കുന്നതിന് കയർഫെഡ് വാങ്ങി നൽകുന്ന ചകിരിക്ക് കൊടുക്കുന്ന സബ്സിഡിയും ഉൽപ്പന്ന മേഖലയിൽ കയർ കോർപ്പറേഷൻ മുഖാന്തിരം നടപ്പാക്കുന്ന ക്രയവില സ്ഥിരതാ പദ്ധതിക്ക് നൽകുന്ന ഫണ്ട് വർദ്ധിപ്പിക്കുന്നതിനായി വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട് എന്ന പദ്ധതിപ്രകാരം 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ടി ഹെഡിൽ 20 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

10 കോടി രൂപ അധികമായി അനുവദിക്കുന്നതിനുള്ള ഉപധനാഭ്യർത്ഥന നൽകിയിരുന്നു. ഈ പദ്ധതിയ്ക്ക് 5 കോടി രൂപ അഡീഷണൽ ഓതറൈസേഷൻ ആയി ലഭിച്ചു.

**2851-00-105-84—കെൽപാം**

ശുപാർശ നമ്പർ 35 മുതൽ 41 വരെ

35—സമഗ്രത്തൊഴിലാളിക്ഷേമ പദ്ധതി

2011-2012 വർഷം ഏതാണ്ട് 2500 പേരെ ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയിൽ അംഗമാക്കത്തക്കവിധം 10000 പേരെ രജിസ്റ്റർ ചെയ്ത് അവരുടെ ഐഡന്റിറ്റി കാർഡ് നൽകുവാൻ കെൽപാം ലക്ഷ്യമിട്ടിരിക്കുകയാണ്. കരിമ്പന മേഖലയിലെ 80%-ലേറെ കുടുംബങ്ങളും ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരായതിനാൽ വാർദ്ധക്യകാല പെൻഷൻ ഉൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിന് കെൽപാം പദ്ധതികൾ തയ്യാറാക്കി വരുന്നു. ഇവ നടപ്പിലാക്കുവാൻ 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

36—കരിമ്പന കൃഷി പ്രോത്സാഹനവും സാമൂഹ്യവൽക്കരണവും

കരിമ്പന ഉൽപ്പന്നങ്ങൾ യഥേഷ്ടം ലഭ്യമാക്കുവാൻ കരിമ്പന കൃഷി സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായി പ്രോത്സാഹിപ്പിക്കാവുന്നതാണ്. ഇത്തരം പ്രവർത്തനങ്ങൾക്കായി ഏതാണ്ട് രണ്ട് ലക്ഷത്തോളം വിത്തുകൾ 2011-2012 വർഷം ശേഖരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ആവശ്യമുള്ള ഏജൻസികൾക്കും സൊസൈറ്റികൾക്കും വ്യക്തികൾക്കും ലഭ്യമാക്കേണ്ടതുണ്ട്. ആയതിലേക്കായി 58 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

37—കരിമ്പന ഗവേഷണ കേന്ദ്രം

കരിമ്പന ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിനായി 25 കോടി രൂപ മുതൽ മുടക്ക് വേണ്ടി വരും. ഇൻഡ്യൻ കാർഷിക ഗവേഷണ കൗൺസിലിൽ നിന്നും ഈ കേന്ദ്രത്തിന് സാമ്പത്തിക സഹായം ലഭ്യമാക്കാവുന്നതാണ്. പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും അതിന്റെ മേൽ നടപടികൾക്കും ആവശ്യമായ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. വിവിധ ഗവേഷണ വികസന പ്രവർത്തനങ്ങൾക്കുള്ള പ്രാരംഭ ചെലവുകൾക്കായി 50 ലക്ഷം രൂപ അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

38—ആധുനിക ശീതളപാനീയ യൂണിറ്റ് സ്ഥാപിക്കൽ

കരിമ്പന മേഖലയിലെ ഉൽപ്പന്നങ്ങളുടെ വികസനം ലക്ഷ്യമാക്കി പനം പഞ്ചസാര പ്രധാന ചേരുവയിൽ നിർമ്മിക്കുന്ന വിപുലീകരിച്ച അത്യാധുനിക ശീതളപാനീയ യൂണിറ്റ് സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിന് 8 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

39—പനയോല കരകൗശല ഉൽപ്പന്നങ്ങളുടെ നിർമ്മാണവും പരിശീലനവും

കരകൗശല ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിൽ പരിശീലനം നൽകുവാനും അവർ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ ശേഖരിച്ച് വിൽപ്പന നടത്തുവാനും കെൽപാം ലക്ഷ്യമിടുന്നു. ഇതിന്റെ സുഗമമായ നടത്തിപ്പിനായി ഒരു പനയോല ഗോഡൗൺ കൊറ്റാമത്ത് സ്ഥാപിക്കുവാനും പദ്ധതിയുണ്ട്. ഇവയ്ക്കെല്ലാം കൂടി 25 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

40—കുറഞ്ഞ പലിശ നിരക്കിലുള്ള NBCFDC യുടെ വായ്പാ പദ്ധതി

പരമ്പരാഗത കരിമ്പന വ്യവസായ മേഖലയിലും അനുബന്ധ തൊഴിൽ മേഖലയിലും പ്രവർത്തിക്കുന്ന തൊഴിലാളികളുടെയും കുടുംബാംഗങ്ങളുടെയും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും എൻ.ബി.സി.എഫ്.ഡി.സി. യുടെ കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പാ പദ്ധതി നടപ്പിലാക്കുന്നതിന് 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

41—പുതിയ ആരോഗ്യ ഔഷധ കരിമ്പന ഉൽപ്പന്ന വികസനവും വ്യാപനവും

കരിമ്പന ഉൽപ്പന്നങ്ങളുടെ ഔഷധമൂല്യവും ആരോഗ്യത്തിനാവശ്യമായ മൂലകങ്ങളും കണക്കിലെടുത്ത് വിവിധ ഉൽപ്പന്നങ്ങളായ അക്കാനി, പനംനൊങ്ക്, പാം സിറപ്പ്, കഫ് സിറപ്പ് മുതലായ ഉൽപ്പന്നങ്ങൾ ആധുനിക യന്ത്രവൽകൃത രീതിയിൽ സംസ്കരിച്ച് വിപണനം നടത്തുന്നതിന് പുതിയ ഫാക്ടറിയും യന്ത്രസാമഗ്രികളും വാങ്ങുന്നതിനും വിപുലമായ ലബോറട്ടറി സ്ഥാപിക്കുന്നതിനും 25 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

(ശുപാർശ നമ്പർ 35 മുതൽ 41 വരെ)

2011-2012 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ഈ ശീർഷകത്തിൽ ആകെ 20 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

വിഭവ ലഭ്യതയുടെ പരിമിതി കാരണം ഈ തുക വർദ്ധിപ്പിക്കുവാൻ സാധിച്ചില്ല. 2012-2013-ലെ ബഡ്ജറ്റിൽ ഈ ഇനത്തിൽ 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ**

ശുപാർശ നമ്പർ 42

2851-00-104-81—മുള വ്യവസായ വികസനം

ബാംബൂ കോർപ്പറേഷന്റെ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് വേണ്ടി 2 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ ശീർഷകത്തിൽ 2011-12 സാമ്പത്തിക വർഷത്തിൽ 1 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

വിഭവലഭ്യതയുടെ പരിമിതി കാരണം മേൽ തുക വർദ്ധിപ്പിക്കുവാൻ സാധിച്ചില്ല.

**സിഡ്കോ**

ശുപാർശ നമ്പർ 43

4851-00-190-93—സിഡ്കോയ്ക്കും ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്കും കീഴിൽ വരുന്ന വ്യവസായ എസ്റ്റേറ്റുകളിലെ റോഡുകളുടെ അറ്റകുറ്റപ്പണി

ബഡ്ജറ്റ് വിഹിതം : ഇല്ല

വ്യവസായ എസ്റ്റേറ്റുകളിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനായി 2010-2011-ൽ 2 കോടി രൂപ അനുവദിച്ചിരുന്നു. ഈ തുകയും 30% വ്യവസായികളുടെ വിഹിതവും ചേർത്ത് 2.60 കോടി രൂപ 2010-2011-ൽ ചെലവഴിക്കുകയുണ്ടായി. ടി തുക അപര്യാപ്തമായതിനാൽ മേൽപ്പറഞ്ഞ പണികൾ പൂർത്തീകരിക്കാനായി 5 കോടി രൂപ ടി ഹെഡിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

വിഭവ ലഭ്യതയുടെ അപര്യാപ്തതമൂലം 2011-2012 സാമ്പത്തിക വർഷത്തിൽ അധിക തുക അനുവദിക്കണമെന്ന സബ്ജക്ട് കമ്മിറ്റിയുടെ 43-ാം നമ്പർ ശുപാർശ പരിഗണിയ്ക്കാൻ നിർവ്വാഹമില്ലെന്ന വിവരം അറിയിക്കുന്നു.

**കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്**

ശുപാർശ നമ്പർ 48

ബീറ്റാലാക്ടം ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനായിട്ടുള്ള പദ്ധതിപ്രകാരം ബീറ്റാലാക്ടം ഇഞ്ചക്ഷൻസ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി 4.84 കോടി രൂപ അനുവദിക്കുന്നതിന് പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ബീറ്റാലാക്ടം ഇൻജക്ഷൻ യൂണിറ്റ് സ്ഥാപിക്കുന്നതിനായി 4.839 കോടി രൂപയുടെ ഭരണാനുമതി 14-2-2012 തീയതിയിലെ ജി.ഒ (എംഎസ്.) 17/12/ID നമ്പർ ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. 29-3-2012 തീയതിയിലെ ജി.ഒ. (ആർ ടി.) നമ്പർ 558/12/ID നമ്പർ ഉത്തരവ് പ്രകാരം ഈ സാമ്പത്തിക വർഷം 4.263 കോടി രൂപ റിലീസ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

ശുപാർശ നമ്പർ 49

നോൺ-ബീറ്റാലാക്ടം ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടിയുള്ള പുതിയ സംവിധാനത്തിനായി 39.65 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതോടെ കെ.എസ്.ഡി.പി.-യുടെ ഉൽപ്പാദനശേഷിയിൽ കാര്യമായ വർദ്ധനവ് ഉണ്ടാക്കാൻ സാധിക്കും. ഈ പദ്ധതിക്കുള്ള തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നോൺ ബീറ്റാലാക്ടം ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പുതിയ സംവിധാനത്തിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും ധനകാര്യ വകുപ്പിന്റെ നിർദ്ദേശ പ്രകാരം വിശദമായ പ്രോജക്ട് പ്രൊപ്പോസലുകൾ സമർപ്പിക്കുവാൻ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് കമ്പനിയുടെ മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ശുപാർശ നമ്പർ 50

വൈറ്റമിൻ എ പ്ലാന്റിന്റെ പ്രവർത്തനത്തോടനുബന്ധിച്ച് ഇലക്ട്രിസിറ്റി ചാർജായി 143 ലക്ഷം രൂപയുടെ കുടിശ്ശിക നൽകാനുണ്ട്. ഇതിൽ 52.45 ലക്ഷം രൂപ കറണ്ട് ചാർജും ബാക്കി പലിശയും ഡിമാന്റ് ചാർജുമാണ്. ഈ വകയിൽ അടയ്ക്കുവാനുള്ള തുക 52.45 ലക്ഷം രൂപ (എനർജി ചാർജ് മാത്രം) ആയി തിട്ടപ്പെടുത്തണമെന്നും ഈ കുടിശ്ശിക അടയ്ക്കുവാനുള്ള തുക അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് കമ്പനിയിൽ നിന്നും കുടിശ്ശികയായ എനർജി ചാർജ്ജ് മാത്രം ഈടാക്കുവാൻ കേരള സംസ്ഥാന വൈദ്യുതി ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വ്യവസായ വകുപ്പിനുള്ള പദ്ധതി വിഹിതം പരിമിതമായതുകൊണ്ട് കമ്പനി കഴിഞ്ഞ വർഷങ്ങളിൽ നേടിയ ലാഭത്തിൽ നിന്നും അടയ്ക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ശുപാർശ നമ്പർ 51

സെയിൽസ് ടാക്സിന്റെ Amnesty Scheme പ്രകാരം കമ്പനിയ്ക്ക് സെയിൽസ് ടാക്സ് കുടിശ്ശികയായി 37 ലക്ഷം രൂപ അടയ്ക്കുവാനുണ്ട്. കമ്പനിയുടെ കൈവശമുള്ള ഫണ്ടിൽ നിന്ന് കുടിശ്ശിക അടച്ചാൽ കമ്പനിയുടെ ഇന്നത്തെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കും. ആയതിനാൽ സെയിൽസ് ടാക്സ് കുടിശ്ശിക അടയ്ക്കുന്നതിൽ നിന്നും കമ്പനിയെ ഒഴിവാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സെയിൽസ് ടാക്സ് കുടിശ്ശികയായ 37 ലക്ഷം രൂപ അടയ്ക്കുന്നതിൽ നിന്നും കമ്പനിയെ ഒഴിവാക്കണമെന്ന് വാണിജ്യനികുതി കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിഷയം ഇപ്പോൾ നികുതി വകുപ്പിന്റെ പരിഗണനയിലാണ്.

ശുപാർശ നമ്പർ 52

കെഡ്രിറ്റേഴ്സിന് 300 ലക്ഷം രൂപയുടെ കുടിശ്ശിക കമ്പനി നൽകുവാനുണ്ട്. ഇവരിൽ പലരും കമ്പനിക്കെതിരായി നിയമനടപടികൾ സ്വീകരിക്കുകയും അനുകൂല വിധി നേടുകയും ചെയ്തിട്ടുണ്ട്. കമ്പനിയുടെ സുഗമമായ പ്രവർത്തനത്തിനും ഗുണനിലവാരമുള്ള അസംസ്കൃത വസ്തുക്കളുടെ ലഭ്യതയ്ക്കും വേണ്ടി ഈ ബാധ്യത തീർക്കുന്നതിനാവശ്യമായ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ക്രെഡിറ്റേഴ്സിന്റെ ബാധ്യതയായ 300 ലക്ഷം രൂപ കമ്പനിക്ക് നൽകുവാൻ സർക്കാർ തീരുമാനിക്കുകയും വർക്കിംഗ് ഗ്രൂപ്പിൽ വയ്ക്കുന്നതിനുള്ള പ്രൊപ്പോസൽ റിയാബ് വഴി സമർപ്പിക്കുവാൻ കെ.എസ്.ഡി.പി എം.ഡി.യ്ക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

<u>ശുപാർശ നമ്പർ 53</u>

കെ.എസ്.ഡി.പി.-ക്ക് അനുവദിച്ചിട്ടുള്ള ലോണുകളും അതിന്റെ പലിശയുമുൾപ്പെടെ 32.16 കോടി രൂപ equity ആയി മാറ്റുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഈ തുക equity ആയി മാറ്റുന്നതോടെ കമ്പനിയുടെ സാമ്പത്തിക സ്ഥിതിയും പ്രവർത്തനഫലവും മെച്ചപ്പെടും. ഈ പ്രൊപ്പോസൽ അംഗീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

കെ.എസ്.ഡി.പി.-യ്ക്ക് അനുവദിച്ചിട്ടുള്ള ലോണുകൾ ഇക്വിറ്റി ആക്കി മാറ്റുന്നതിനുള്ള നിർദ്ദേശം രണ്ട് പ്രാവശ്യം ധനകാര്യ വകുപ്പ് നിരസിക്കുകയുണ്ടായി. മൊത്തം ലോണുകൾ ഇക്വിറ്റി ആക്കി മാറ്റാൻ കഴിയാത്തതിനാൽ വൈറ്റമിൻ എ പ്ലാന്റിനനുവദിച്ചതും ടി പ്ലാന്റിലെ തൊഴിലാളികൾക്ക് വി.ആർ.എസ്. നൽകുന്നതിനുമായി സ്വീകരിച്ച ലോണുകൾ ഇക്വിറ്റി ആക്കി മാറ്റുന്നതിനുള്ള സാധ്യത പരിശോധിക്കുവാൻ സർക്കാർ തലത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. ഇത് സംബന്ധിച്ച പ്രൊപ്പോസൽ സമർപ്പിക്കുവാൻ കെ.എസ്.ഡി.പി. മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്**

<u>ശുപാർശ നമ്പർ 58</u>

1-3-2011-ലെ ജി.ഒ. (എം.എസ്.) നമ്പർ 67/2011/ID എന്ന വിജ്ഞാപന പ്രകാരം ആസിഡ് റിക്കവറി പ്ലാന്റ് ഉപേക്ഷിക്കുമ്പോൾ വരുന്ന സാമ്പത്തിക ബാദ്ധ്യത സർക്കാർ നൽകുമെന്ന് വ്യക്തമാക്കിയിരുന്നു. ആയതിനാൽ മേൽപ്പറഞ്ഞ ഉത്തരവ് പ്രകാരം 38 കോടി രൂപ രാസ വ്യവസായത്തിനും ഔഷധ വ്യവസായങ്ങൾക്കുമുള്ള മൂലധന സഹായം 4857 എന്ന ഹെഡിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

ഇത് സംബന്ധിച്ച് ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് കമ്പനിയിൽ നിന്നും ലഭിച്ച പ്രൊപ്പോസൽ ഭരണ വകുപ്പ് പരിശോധിക്കുകയും തുടർന്ന് ധനകാര്യ വകുപ്പ് പരിശോധിച്ചുവരികയും ചെയ്യുന്നു.

**ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്**

ശുപാർശ നമ്പർ 59

വരും വർഷങ്ങളിലെ വർദ്ധിച്ചുവരുന്ന ആവശ്യകത പരിഗണിച്ച് കമ്പനിക്ക് പവർ കേബിളുകളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കേണ്ടതുണ്ട്. ആയതിനാൽ പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്നതിനായി 9.5 കോടി രൂപയും 3.4 കോടി രൂപ കടമായും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഈ പദ്ധതിയെ സംബന്ധിച്ച് റിയാബിന്റെ സാന്നിദ്ധ്യത്തിൽ വിവിധ ചർച്ചകൾ നടത്തുകയുണ്ടായി. അത് പ്രകാരം ഈ പദ്ധതിയെ സംബന്ധിച്ച് പുറത്തുള്ള ഒരു ഏജൻസിയുടെ സാങ്കേതിക ഉപദേശം കൂടി ലഭ്യമാക്കാനും അതിനുശേഷം ആവശ്യമായ തീരുമാനം എടുക്കാമെന്നുമാണ് തീരുമാനിച്ചിരിക്കുന്നത്.

എന്നിരുന്നാലും ട്രാക്കോ കേബിൾ കമ്പനിയ്ക്ക് കണ്ണൂരിലെ ഹൗസ് വയറിംഗ് കേബിളിന്റെ പ്രവർത്തന മൂലധനമായി 185 ലക്ഷം രൂപയും XLPE കേബിളിനെ സംബന്ധിച്ച സാങ്കേതിക-സാമ്പത്തിക-പ്രായോഗിക പഠനത്തിനായി 17 ലക്ഷം രൂപയും 2012-13 വർഷത്തിൽ അനുവദിച്ചിട്ടുണ്ട്.

**കേരള സിറാമിക്സ് ലിമിറ്റഡ്**

ശുപാർശ നമ്പർ 60

ക്ലേ നിക്ഷേപമുള്ള സ്ഥലങ്ങൾ മൈനിംഗ് ആന്റ് ജിയോളജി ഡിപ്പാർട്ട്മെന്റ് മുഖേന കണ്ടെത്തുകയും ആ സ്ഥലം അക്വയർ ചെയ്യുന്നതിനായി 4 കോടി രൂപ ആവശ്യപ്പെട്ടതിൽ 3 കോടി രൂപ 2010-11-ൽ ലഭ്യമായി. എന്നാൽ കുണ്ടറയിൽ ടെക്നോപാർക്കിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയതോടുകൂടി ഇവിടുത്തെ സ്ഥലത്തിന്റെ വില ഉയരുകയും അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ഡിവിഷന്റെ മൈനിംഗിന് ആവശ്യമുള്ള സ്ഥലം മുഴുവനായും ലഭ്യമാക്കാനായി 5 കോടി രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

മൈനിംഗിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് മുന്നോടിയായി പ്രസ്തുത സ്ഥലത്തിന്മേലുള്ള കുടിശ്ശികകൾ (Land Acquisition Arrears) കൊടുത്തു തീർക്കേണ്ടതുണ്ടായിരുന്നു. പ്രസ്തുത ആവശ്യത്തിലേക്കായി കേരള സിറാമിക്സിന് 2011-12-ൽ തുക അനുവദിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ 2012-13 സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽതന്നെ ഇതിലേക്കായി 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ശുപാർശ നമ്പർ 61

കുണ്ടറയിലുള്ള ക്ലേയിസ് ആന്റ് മിനറൽസ് ഡിവിഷന്റെ പ്ലാന്റ് 90% ജീർണ്ണാവസ്ഥയിലാണ്. ഈ പ്ലാന്റിനെ സജ്ജമാക്കുന്നതിനായുള്ള പ്രോജക്ട് തയ്യാറാക്കുന്നതിന് KSIDC/KITCO തുടങ്ങിയവപോലുള്ള സ്ഥാപനങ്ങളിൽ നിന്നുമുള്ള സഹായം

ലഭ്യമാക്കുന്നതിന് ഏകദേശം 1 കോടി രൂപയെങ്കിലും ചെലവഴിക്കേണ്ടി വരുന്നു. ഈ തുക കമ്പനിക്ക് സമാഹരിക്കുവാൻ കഴിയാത്തതിനാൽ ടി തുക കൂടി ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ജീർണ്ണാവസ്ഥയിലായ കുണ്ടറയിലുള്ള ക്ലേയിസ് ആന്റ് മിനറൽസ് ഡിവിഷന്റെ പ്ലാന്റ് ഉൽപ്പാദന സജ്ജമാക്കുന്നതിനായുള്ള പ്രോജക്ട് കമ്പനി ബോർഡിൽ വച്ച് തീരുമാനമെടുത്ത ശേഷം അംഗീകാരത്തിനായി സർക്കാരിൽ സമർപ്പിക്കുന്നതാണെന്ന് കമ്പനി അറിയിച്ചിട്ടുണ്ട്.

**യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്**

ശുപാർശ നമ്പർ 63

യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് അതിന്റെ നിലനിൽപ്പിനായി ആശ്രയിക്കുന്നത് മീറ്റർ ഉല്പാദനമാണ്. അതിനാൽ മീറ്റർ നിർമ്മിച്ചു നൽകുന്നതിനായി കമ്പനിക്ക് ആവശ്യമുള്ള പ്രവർത്തനമൂലധനമായ 6 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

എൽ.സി.ഡി. മീറ്റർ നിർമ്മിക്കുന്നതിനായി 2011-12 വർഷം യുണൈറ്റഡ് ഇലക്ട്രിക്കൽസിന് 285 ലക്ഷം രൂപ ധനപുനർവിനിയോഗം വഴി നൽകിയിട്ടുണ്ട്.

**റിയാബ്**

ശുപാർശ നമ്പർ 64

പൊതുമേഖലയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി റിയാബിന് പ്ലാൻ ഇനത്തിൽ 75 ലക്ഷം രൂപയും നോൺ പ്ലാൻ ഇനത്തിൽ 75 ലക്ഷം രൂപയും ചേർത്ത് ആകെ 1 കോടി 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2011-12-ൽ റിയാബിന്റെ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ പ്ലാൻ ഇനത്തിൽ 2852-80-800-88 ശീർഷകത്തിൽ അനുവദിച്ച 50 ലക്ഷം രൂപ നൽകി. സമിതി ശുപാർശ ചെയ്ത പ്രകാരം പ്ലാൻ ഇനത്തിൽ 75 ലക്ഷം രൂപയും, നോൺ-പ്ലാൻ ഇനത്തിൽ 75 ലക്ഷം രൂപയും ചേർത്ത് 1 കോടി 50 ലക്ഷം രൂപ അനുവദിക്കുവാൻ കഴിഞ്ഞില്ല.

ശുപാർശ നമ്പർ 65

കമ്പനികൾ ആവശ്യപ്പെട്ടിട്ടുള്ള വിവിധ പദ്ധതികൾക്കും പൊതുമേഖലാ സ്ഥാപനങ്ങളിൽ Capital upgradation ഉൾപ്പെടെയുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും 90.5 കോടി രൂപയുടെ അധിക ധനസഹായം അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2011-12-ൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ 4885-60-800-96 (P) ശീർഷകത്തിൽ 54.10 കോടി രൂപ നൽകി. ഇതു കൂടാതെ സീതാറാം ടെക്സ്റ്റൈൽസിന് നവീകരണ പ്രവർത്തനങ്ങൾക്കായി 3 കോടി രൂപയും, ട്രാവൻകൂർ സിമന്റ്സിന് പ്രവർത്തന മൂലധനമായി 3 കോടി രൂപയും ഉപധനാഭ്യർത്ഥന മുഖേന നൽകിയിട്ടുണ്ട്. സമിതി ശുപാർശ ചെയ്ത പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അധിക ധനസഹായമായി 90.50 കോടി രൂപ അനുവദിക്കുവാൻ കഴിഞ്ഞില്ല.

**ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ്**

ശുപാർശ നമ്പർ 66

ലോവർ പെരിയാർ അണക്കെട്ടിൽ നിന്നും മണൽ നീക്കുന്നതിനുള്ള ജോലി എത്രയും പെട്ടെന്ന് തുടങ്ങുന്നതിനുള്ള പ്രവർത്തന മൂലധനമായി 3.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ലോവർ പെരിയാർ അണക്കെട്ടിൽ നിന്നും മണൽ നീക്കുന്നതിനുള്ള കരാർ ജോലി തുടങ്ങുന്നതിനുള്ള പ്രവർത്തന മൂലധനം സമിതി ശുപാർശ ചെയ്തതനുസരിച്ച് 2011-12 സാമ്പത്തിക വർഷത്തിൽ അനുവദിക്കുവാൻ കഴിഞ്ഞില്ല.

ശുപാർശ നമ്പർ 67

കമ്പനിയുടെ അസംസ്കൃത വസ്തുവായ കക്കായുടെ ലഭ്യത കുറവ് കാരണം കമ്പനി വലിയ സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷന് കാലാകാലങ്ങളിൽ അടച്ചു തീർക്കേണ്ട പ്രീമിയം വൻ കുടിശ്ശിക ആയിരിക്കുകയാണ്. കുടിശ്ശിക ഭാഗികമായെങ്കിലും അടച്ചില്ലെങ്കിൽ ആ പദ്ധതിതന്നെ നിലച്ചുപോകുമെന്ന അവസ്ഥയിലാണ്. ദൈനംദിന പ്രവർത്തനത്തിനു തന്നെ പ്രയാസം നേരിടുന്ന കമ്പനിക്ക് ഈ ബാദ്ധ്യത ഒരു പരിധിവരെയെങ്കിലും ഒഴിവാക്കുവാൻ അടിയന്തിരമായി ഒരു കോടി രൂപ ഗ്രാന്റായി നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

സമിതി ശുപാർശ ചെയ്ത ആവശ്യങ്ങൾക്ക് 2011-12-ൽ തുക അനുവദിക്കുവാൻ കഴിഞ്ഞില്ല. എന്നാൽ കമ്പനിക്ക് ഫർണസ് ഓയിൽ വാങ്ങുന്നതിനായി പ്രസ്തുത സാമ്പത്തിക വർഷത്തിൽ 3 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ശുപാർശ നമ്പർ 68

കക്ക കൊണ്ടുവരുന്നതിന് 150 ടൺ ശേഷിയുള്ള 2 സ്റ്റീൽ ബാർജുകൾ വാങ്ങേണ്ടത് അത്യാവശ്യമാണ്. ഇതുവഴി കക്ക കൊണ്ടുവരുന്നതിനുള്ള ചെലവും കുറയ്ക്കാനാവും. ഇതിനായി 3 കോടി രൂപയുടെ സാമ്പത്തിക ബാധ്യത പ്രതീക്ഷിക്കുന്നു. ആദ്യ ചുവടെന്ന നിലയിൽ ഒരു സ്റ്റീൽ ബാർജ് വാങ്ങുന്നതിനുള്ള 1.5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സമിതി ശുപാർശ ചെയ്തപ്രകാരം കമ്പനിയ്ക്ക് സ്റ്റീൽ ബാർജ് വാങ്ങുന്നതിനുള്ള തുക 2011-12-ൽ അനുവദിക്കുവാൻ കഴിഞ്ഞില്ല.

**കിൻഫ്ര**

<u>ശുപാർശ നമ്പർ 69</u>

കണ്ണൂരിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി (നിഫ്റ്റ്) യുടെ സെന്റർ നിശ്ചിത പരിധിക്കുള്ളിൽ പൂർത്തീകരിക്കുന്നതിനുവേണ്ടി 10 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി (നിഫ്റ്റ്) യുടെ സെന്റർ കണ്ണൂരിൽ സ്ഥാപിക്കുന്നതിന് 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 17 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 12 കോടി രൂപ one time ACA യും 5 കോടി രൂപ നബാർഡ് ധനസഹായവുമാണ്. 12 കോടി രൂപ റിലീസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

<u>ശുപാർശ നമ്പർ 70</u>

സംസ്ഥാനത്ത് കിൻഫ്രയുടെ ആഭിമുഖ്യത്തിൽ വ്യാവസായിക ആവശ്യങ്ങൾക്കായുള്ള ഒരു ലാന്റ് ബാങ്ക് ഉണ്ടാക്കുന്നതിനുവേണ്ട സാമ്പത്തിക സഹായം ലഭ്യമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തിന്റെ വിഭവ ലഭ്യതയുടെ പരിമിതി കാരണം നടപ്പു സാമ്പത്തിക വർഷം കിൻഫ്രയ്ക്ക് അധിക തുക അനുവദിക്കാൻ നിർവ്വാഹമില്ലെന്ന് ധനവകുപ്പ് അറിയിച്ചിട്ടുണ്ട്. വിഭവ ലഭ്യതയ്ക്ക് അനുസരിച്ച് അധിക തുക അനുവദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഭൂമി ഏറ്റെടുക്കുന്നതിന് തുക സമാഹരിക്കുന്നതിന് മറ്റ് മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതിന് കിൻഫ്ര മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കാപെക്സ്**

<u>ശുപാർശ നമ്പർ 72</u>

കാപെക്സിന്റെ പ്രൊക്യുവർമെന്റ് സെന്റർ തുടങ്ങുന്നതിന് 20 കോടിയും ഫാക്ടറി ഷെഡുകളുടെ പുനരുദ്ധാരണത്തിന് 1.5 കോടിയും ഗ്രാറ്റുവിറ്റിയും, ത്രിഫ്റ്റും കൊടുക്കുന്നതിന് 4.5 കോടി രൂപയും കാപെക്സിന്റെ ഫാക്ടറികളുടെ നവീകരണത്തിനും പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുമായി 12 കോടിയും കാപെക്സിന്റെ കശുവണ്ടി പരിപ്പിന്റെ വിപണി വിപുലീകരിക്കുന്നതിന് 1.5 കോടി രൂപയും

അനെർട്ടുമായി സഹകരിച്ചുകൊണ്ട് ഫാക്ടറികളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിന് 50 ലക്ഷം രൂപയും ചേർത്ത് ആകെ 40 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കാപെക്സിന് പ്രൊക്യുവർമെന്റ് സെന്റർ തുടങ്ങുന്നതിന് 15 കോടിയും മോഡേണൈസേഷൻ ഓഫ് കാഷ്യൂ ഫാക്ടറി ഷെഡ്ഡിന് വേണ്ടി 2 കോടി രൂപയും അപ്പ്ഗ്രഡേഷൻ ഓഫ് ഫെസിലിറ്റീസിന് വേണ്ടി 1.75 കോടി രൂപയും, സോളാർ പാനൽ സ്ഥാപിക്കുന്നതിന് 50 ലക്ഷവും ചേർത്ത് ആകെ 19.25 കോടി രൂപ അനുവദിച്ചെങ്കിലും സോളാർ പാനലിന് മുൻവർഷങ്ങളിൽ അനുവദിച്ച തുക വിനിയോഗിച്ച് പണി പൂർത്തിയാക്കാതിരുന്നതിനാൽ സോളാർ പാനലിനായി അനുവദിച്ച 50 ലക്ഷം രൂപ കാപെക്സ് 2011-12-ൽ ആവശ്യപ്പെട്ടില്ല. ഈ തുക കഴിച്ച് 18.75 കോടി രൂപ പദ്ധതിയിനത്തിൽ 2011-12-ൽ കാപെക്സിന് അനുവദിച്ചുനൽകി. വിഭവ ലഭ്യതയുടെ പരിമിതി കാരണം തുക വർദ്ധിപ്പിക്കുവാൻ സാധിച്ചില്ല.

**കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ്**

ശുപാർശ നമ്പർ 73 മുതൽ 80 വരെ

73. കെ. എസ്. ഐ. ഡി. സി.യുടെ വ്യവസായ പ്രോത്സാഹന പ്രവർത്തനങ്ങൾക്കും സാധ്യതാ പഠനങ്ങൾക്കുമായി തുകയൊന്നും വകകൊള്ളിച്ചിട്ടില്ല. ആയതിനാൽ 2 കോടി രൂപ ഇതിനായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

74. സംസ്ഥാനത്ത് വ്യവസായ മേഖലയ്ക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന പദ്ധതിയിലേക്കായി 60 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

75. ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക് കൊച്ചിയിൽ സ്ഥാപിക്കുന്നതിനായി ഏകദേശം 300 ഏക്കർ സ്ഥലം കൊച്ചിയിൽ കണ്ടെത്തിയിട്ടുണ്ട്. ആയതിലേക്ക് 50 കോടി രൂപ ആവശ്യമായിരുന്നെങ്കിലും 9 കോടി രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. ആയതിന് മതിയായ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

76. വ്യവസായ പാർക്കുകളിലേക്കുള്ള റോഡുകളുടെ പുനരുദ്ധാരണത്തിനും വികസനത്തിനുമായി 90 കോടി രൂപ ആവശ്യമായിരുന്നതിൽ 4 കോടി രൂപ മാത്രമാണ് നൽകിയിരിക്കുന്നത്. കൂടുതൽ തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

77. കണ്ണൂർ വ്യവസായ വളർച്ചാകേന്ദ്രത്തിന്റെ വികസനത്തിനായി ഏതാണ്ട് 372 ഏക്കർ ഏറ്റെടുക്കുന്നതിന് 51 കോടി രൂപ ആവശ്യമായിരുന്നതിൽ 6 കോടി രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. ബാക്കി തുകയായ 45 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

78. കാസർഗോഡ് ചീമേനിയിൽ കേരള വിദ്യുച്ഛക്തി ബോർഡുമായി ചേർന്ന് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന തെർമൽ വൈദ്യുത പദ്ധതിക്ക് 2011-12-ൽ 110 കോടി

രൂപയുടെ പ്രവർത്തനങ്ങളാണ് ഉദ്ദേശിക്കുന്നത്. ആയതിലേക്കായി അനുവദിച്ചിരിക്കുന്ന 4 കോടി രൂപ അപര്യാപ്തമായതിനാൽ 106 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

79. കെ. എസ്. ഐ. ഡി. സി. നടപ്പിലാക്കാനുദ്ദേശിക്കുന്ന ബൃഹത് പദ്ധതിയായ അതിവേഗ റെയിൽപ്പാതയ്ക്ക് വേണ്ടി 50 കോടി രൂപ ആവശ്യപ്പെട്ടതിൽ 9 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ 41 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

80. കുറ്റ്യാടിയിൽ ഒരു നാളികേര വ്യവസായ പാർക്ക് സ്ഥാപിക്കുന്ന പദ്ധതിയുടെ പൂർത്തീകരണത്തിനായി 7 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി (ശുപാർശ 73-80)

വിഭവലഭ്യതയുടെ പരിമിതി കാരണം കെ. എസ്. ഐ. ഡി. സി.-ക്ക് നടപ്പു വർഷം അധിക തുക അനുവദിക്കാൻ നിർവ്വാഹമില്ല.

**കശുവണ്ടി വികസന കോർപ്പറേഷൻ**

ശുപാർശ നമ്പർ 81

സർക്കാർ ഏറ്റെടുത്ത ബാദ്ധ്യതയുടെ ബാക്കി നൽകാനുള്ള 40 കോടി രൂപയും പലിശയും നൽകുന്നതോടൊപ്പം ഇപ്പോഴത്തെ ബാദ്ധ്യതയായ 59 കോടി രൂപയും ഏറ്റെടുത്ത് തവണകളായി നൽകാൻ സാഹചര്യം ഒരുക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

മേൽപ്പറഞ്ഞ തുക സംബന്ധിച്ച് സർക്കാർ ബാങ്കുകളുമായി ഒരു കൂടിയാലോചന നടത്തി അന്തിമ തീരുമാനത്തിൽ എത്തുന്നതിനായി മീറ്റിംഗിന്റെ മിനിട്ട്സ് ബാങ്കുകൾക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

ശുപാർശ നമ്പർ 82

തൊഴിലാളികൾക്ക് 2010 വരെ നൽകാനുള്ള ഗ്രാറ്റുവിറ്റി കുടിശ്ശിക കൊടുത്ത് തീർക്കാൻ 6.80 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിലേക്കായി കശുവണ്ടി വികസന കോർപ്പറേഷന് 2008-ൽ 5 കോടി രൂപയും 2009-ൽ 8 കോടി രൂപയും 2010-ൽ 20.40 കോടി രൂപയും 2011-ൽ 21 കോടി രൂപയും സർക്കാർ അനുവദിച്ചു നൽകി. 2011-ൽ ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകാനായി പുറപ്പെടുവിച്ച ഉത്തരവിൻപ്രകാരം മേലിൽ ഗ്രാറ്റുവിറ്റി നൽകാനുള്ള തുക കോർപ്പറേഷൻ സ്വന്തം ഫണ്ടിൽ നിന്ന് കണ്ടെത്തണമെന്ന് ഉത്തരവ് നൽകിയിരുന്നു.

ശുപാർശ നമ്പർ 83

കോർപ്പറേഷന് പ്രവർത്തന മൂലധനമായി 50 കോടി രൂപ അനുവദിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രവർത്തന മൂലധനമായി കശുവണ്ടി വികസന കോർപ്പറേഷന് 2011-12-ൽ പദ്ധതിയിനത്തിൽ ആകെ 28.75 കോടി രൂപ അനുവദിച്ചു നൽകി. വിഭവ ലഭ്യതയുടെ പരിമിതി കാരണം തുക വർദ്ധിപ്പിക്കുവാൻ സാധിച്ചില്ല.

ശുപാർശ നമ്പർ 84

കോർപ്പറേഷന്റെ കൈവശമുള്ള വാടക ഫാക്ടറികൾ വിലയ്ക്ക് വാങ്ങുന്നതിന് 25 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കശുവണ്ടി വികസന കോർപ്പറേഷന്റെ കൈവശമുള്ള 20 വാടക ഫാക്ടറികളുടെ മൂല്യനിർണ്ണയം നടത്തുവാനായി ബന്ധപ്പെട്ട ജില്ലകളിലെ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മൂല്യനിർണ്ണയം പൂർത്തിയാകുന്ന മുറയ്ക്ക് തുക അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

ശുപാർശ നമ്പർ 85, 86

85. സർക്കാർ കോർപ്പറേഷന് നൽകിയിട്ടുള്ള 211.62 കോടി രൂപയുടെ വായ്പ ഓഹരി മൂലധനമായി മാറ്റണമെന്നും ഗ്യാരന്റി കമ്മീഷനായി നൽകേണ്ട 3.92 കോടി രൂപയും അതിന്റെ പലിശയും ഒഴിവാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

86. വിൽപ്പന നികുതി Amnesty Scheme പ്രകാരം അടയ്ക്കേണ്ട 3.93 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചു വരികയാണ്.

**കേരള ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്**

ശുപാർശ നമ്പർ 90

കെ. എസ്. ഐ. ഇ.യുടെ പദ്ധതികളുടെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുവേണ്ടി ഏകദേശം 22 കോടി രൂപ വേണ്ടി വരും. ആയതിലേക്കായി 10 കോടി രൂപയെങ്കിലും അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായാണ് കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ ആരംഭിക്കുവാൻ തീരുമാനിച്ചത്. ഇതിനായി മറ്റൊരു പൊതുമേഖലാ സ്ഥാപനമായ ട്രാവൻകൂർ കൊച്ചിൻ

കെമിക്കൽസിൽ നിന്ന് 8.5 ഏക്കർ ഉപയോഗിക്കാതെ കിടന്ന സ്ഥലം പാട്ടത്തിനെടുത്തു. ഇതിന്റെ ഒന്നാം ഘട്ട പ്രവർത്തനങ്ങൾ 2010 മേയ് മാസത്തിൽ തുടങ്ങുകയുണ്ടായി. ഈ പ്രോജക്ട് പൂർണ്ണ രൂപത്തിലേക്ക് എത്തിക്കുന്നതിനായി 4698.22 ലക്ഷം രൂപയാണ് എസ്റ്റിമേറ്റ് ചെയ്തിരിക്കുന്നത്. താഴെപ്പറയുന്ന പ്രവർത്തന ങ്ങളാണ് ഈ പദ്ധതിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത് :

| | | |
|---|---|---|
| 1. ഭൂമി പാട്ടത്തിന് | .. | 1475.00 ലക്ഷം രൂപ |
| 2. ലാന്റ് ഡവലപ്പ്മെന്റ് | .. | 623.00 ലക്ഷം രൂപ |
| 3. കെട്ടിട നിർമ്മാണവും അനുബന്ധ പ്രവർത്തനങ്ങളും | .. | 1566.78 ലക്ഷം രൂപ |
| 4. യന്ത്ര സാമഗ്രികളും മറ്റുപകരണങ്ങളും | .. | 595.62 ലക്ഷം രൂപ |
| 5. മറ്റ് അനുബന്ധ ചെലവുകൾ | .. | 437.82 ലക്ഷം രൂപ |
| ആകെ | | 4698.22 ലക്ഷം രൂപ |

ഈ സംരംഭം പൂർണ്ണ രൂപത്തിൽ സാധ്യമാകുന്നതോടുകൂടി 350-ഓളം പേർക്ക് നേരിട്ടും 1000 പേർക്ക് പരോക്ഷമായും തൊഴിലവസരങ്ങൾ ഉണ്ടാകുന്നതാണ്. ഏകദേശം 40000-ത്തോളം ചതുരശ്ര അടി ഗോഡൗണും 20000-ത്തോളം ചതുരശ്ര അടി ഓഫീസ് കെട്ടിടവും ഇതിനോടകം സജ്ജമായിക്കൊണ്ടിരിക്കുകയാണ്. ഉദ്ദേശം 85000 ചതുരശ്ര അടിയോളം, ആധുനിക രീതിയിൽ നിർമ്മിച്ച കണ്ടെയ്നർ സൂക്ഷിക്കാനും ട്രാക്കുകൾ സഞ്ചരിക്കാനുമുള്ള സ്ഥലവും ഒരുക്കിയിട്ടുണ്ട്. ഉദ്ദേശം ഒരു വർഷം 12000-ത്തോളം കണ്ടെയ്നറുകൾ വരെ കൈകാര്യം ചെയ്യാനുള്ള സൗകര്യങ്ങൾ ഈ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷന്റെ പൂർണ്ണരൂപത്തിൽ സാധ്യമാകും. കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുന്നതിനായി റീച്ച് സ്റ്റാക്കർ, ഫോർക്ക് ലിഫ്റ്റുകൾ മുതലായ ആധുനിക യന്ത്രസാമഗ്രികൾ ഒരുക്കിയിട്ടുണ്ട്.

ഈ പ്രോജക്ട് നിർമ്മാണത്തിനുവേണ്ട മൂലധനം താഴെപ്പറയുന്ന രീതിയിലാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്:

| | | |
|---|---|---|
| കേന്ദ്ര ഗവൺമെന്റ് വിഹിതമായ ASIDE | .. | ഗ്രാന്റ് 10 കോടി രൂപ |
| കെ. എസ്. ഐ. ഇ. യുടെ വിഹിതം | .. | 5 കോടി രൂപ |
| വായ്പ | .. | 17.23 കോടി രൂപ |

ഇതിൽ കേന്ദ്ര ഗവൺമെന്റ് വിഹിതമായ 10 കോടി രൂപ ഇതിനോടകം ലഭിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കെ. എസ്. ഐ. ഇ. യുടെ വിഹിതമായ 5 കോടി, കമ്പനിയുടെ മറ്റു പ്രവർത്തന ങ്ങളിൽ നിന്നുള്ള വരുമാനത്തിൽ നിന്നും സ്വരൂപിക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്. പദ്ധതി ആവശ്യത്തിനു വേണ്ടി ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡിൽ നിന്നും പാട്ടത്തിനെടുത്ത സ്ഥലത്തിന്റെ മതിപ്പു വില മാറ്റി നിർത്തിയാൽ വരുന്ന 3223.22 ലക്ഷം രൂപ മതിക്കുന്ന പദ്ധതിയുടെ ചെലവിലേക്കായി ഇതിനോടകം 12 കോടിയോളം രൂപ മുടക്കിയിട്ടുണ്ട്.

എയർപോർട്ട് അതോറിറ്റിയുടെ പുതിയ അന്താരാഷ്ട്ര ടെർമിനലിന്റെ പ്രവർത്തനം തുടങ്ങിയതോടുകൂടി കമ്പനിയുടെ തിരുവനന്തപുരത്തുള്ള ട്രിവാൻഡ്രം എയർ കാർഗോ ടെർമിനൽ ചാക്ക ഭാഗത്തേക്ക് താല്ക്കാലികമായി മാറ്റി സ്ഥാപിക്കേണ്ടി വന്നതിലേക്കായി രണ്ടേകാൽ കോടിയോളം രൂപ കമ്പനിക്ക് അധിക ചെലവ് വന്നു.

ആയതുകൊണ്ട് മേൽപ്പറഞ്ഞ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ നിർമ്മാണത്തിനു വേണ്ടി തുക സ്വരൂപിക്കാൻ ബുദ്ധിമുട്ട് അനുഭവിച്ച് വരുകയാണ്. ബാങ്കിൽ നിന്ന് വായ്പ എടുക്കാനാണ് പ്രോജക്ട് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നതെങ്കിലും, പലിശയിനത്തിൽ കമ്പനി ഒടുക്കേണ്ടി വരുന്ന വൻബാദ്ധ്യത മുന്നിൽ കണ്ടുകൊണ്ടാണ് കമ്പനി സബ്ജക്ട് കമ്മിറ്റിയുടെ മുമ്പാകെ ധനാഭ്യർത്ഥന സമർപ്പിച്ചത്.

പ്രോജക്ട് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്ന പൂർണ്ണ രൂപത്തിൽ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുവേണ്ടി ഇനിയും തുക കണ്ടെത്തേണ്ടതായുണ്ട്. ഇത് പ്രോജക്ടിന്റെ ഒന്നാം ഘട്ടം പ്രവർത്തന ക്ഷമമാകുന്നതോടുകൂടി വന്നുചേരാവുന്ന വരുമാനത്തിൽ നിന്ന് സ്വരൂപിക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്.

**ഇൻഫർമേഷൻ ടെക്നോളജി വകുപ്പ്**

ശുപാർശ നമ്പർ 91–94

91. ടെക്നോപാർക്ക് 2011-12 ലേക്കുള്ള വാർഷിക ബഡ്ജറ്റിൽ സ്ഥലമെടുപ്പിന് 177 കോടിയും സ്ഥലവികസനത്തിന് 24 കോടി രൂപയുമാണ് വകയിരുത്തിയിരിക്കുന്നത്. ഇതിൽ സ്ഥലമെടുപ്പിനുള്ള സ്ഥലവില പുനർനിർണ്ണയിച്ച് വരുമ്പോൾ കൂടുതലായി വരുന്ന തുക സർക്കാർ പ്രത്യേകമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

92. ഐ. റ്റി. പാർക്കുകൾക്കുവേണ്ടി 78 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ടെക്നോപാർക്കിന്റെ വികസനവും വളർച്ചയും കണക്കിലെടുത്ത് ഈ തുകയിൽ ടെക്നോപാർക്കിന് അനുവദിക്കുന്ന തുക ടെക്നോപാർക്കിന്റെ വികസനത്തിന് തീർത്തും അപര്യാപ്തമായ സാഹചര്യത്തിൽ 344 കോടി രൂപ ടെക്നോപാർക്കിനുവേണ്ടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

93. 40 ഏക്കറിൽ കൊല്ലം കുണ്ടറയിൽ ആരംഭിക്കുന്ന ടെക്നോപാർക്കിന് തുടക്കത്തിൽ 100000 ചതുരശ്ര അടി കെട്ടിടവും മറ്റ് അനുബന്ധ സൗകര്യങ്ങളും ലഭ്യമാകുന്നുണ്ട്. ഇവിടെ 2 വർഷത്തിനുള്ളിൽ 10000 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടും. ഇതിനായി ബഡ്ജറ്റിൽ പ്രത്യേക തുക അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

94. 4859-02-190-94-ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ച്ചർ കേരള എന്ന കമ്പനിക്കുള്ള മൂലധന നിക്ഷേപം

ബഡ്ജറ്റ് വിഹിതം : 24 കോടി രൂപ

ടി ബഡ്ജറ്റ് വിഹിതം പ്രധാനമായും സൈബർ പാർക്കിനുവേണ്ടി ഏറ്റെടുക്കുന്ന 43 ഏക്കർ സ്ഥലത്തിന്റെ വിലയായും ഇവിടെ നിന്ന് കുടി ഒഴിപ്പിക്കപ്പെടുന്നവരെ പുനരധിവസിപ്പിക്കുന്നതിനും ഉപയോഗിക്കുന്നു. ഇതിലേക്ക് ഏകദേശം

40 കോടി രൂപ പ്രതീക്ഷിക്കുന്നു. ഈ വർഷം ടെക്നോ ലോഡ്ജ് പദ്ധതിക്കുവേണ്ടി ഏകദേശം 12 കോടി രൂപ ചെലവിടേണ്ടതായിട്ടുണ്ട്. ഐ. റ്റി. അക്കാദമി സ്ഥാപിക്കാൻ മൂലധന ഓഹരി ചെലവായി ഏകദേശം 2.08 കോടി രൂപയും ചെലവ് പ്രതീക്ഷിക്കുന്നു. മേൽ സൂചിപ്പിച്ച പദ്ധതികൾ ലക്ഷ്യം കൈവരിക്കാൻ കമ്പനിക്കു വേണ്ടി വകയിരുത്തിയിട്ടുള്ള 24 കോടി രൂപ 39.90 കോടി രൂപയായി വർദ്ധിപ്പിക്കാൻ സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി (ശുപാർശ നമ്പർ 91-94)

വിഭവ ലഭ്യതയുടെ പരിമിതി കാരണം നടപ്പു വർഷം ബഡ്ജറ്റിൽ വകയിരുത്തിയ വിഹിതത്തിന് ഉപരിയായി അധിക തുക അനുവദിക്കുകയുണ്ടായില്ല.

**ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ്**

ശുപാർശ നമ്പർ 95

ടെക്സൈറ്റൽ മേഖലയിൽ ഇപ്പോൾ നിലനിൽക്കുന്ന പ്രതിസന്ധി കണക്കിലെടുത്ത് 14 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

ടെക്സ്ഫെഡിന്റെ കീഴിലുള്ള കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ എന്നീ സഹകരണ സ്പിന്നിംഗ് മില്ലുകൾക്ക് സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേസ് കമ്മിറ്റി വഴി പഞ്ഞി വാങ്ങുന്നതിനായി 5.43 കോടി രൂപ ജി. ഒ.(ആർ.റ്റി) നമ്പർ 1605/2011/ഐ.ഡി. തീയതി 20-12-2011 പ്രകാരം നൽകിയിട്ടുണ്ട്. കൂടാതെ കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള എടരിക്കോട് ടെക്സ്റ്റൈൽസ്, കോട്ടയം ടെക്സ്റ്റൈൽസ്, മലബാർ സ്പിന്നിംഗ് & വീവിംഗ് മിൽസ്, പ്രഭുറാം മിൽസ് എന്നീ സ്ഥാപനങ്ങൾക്കായി 7.82 കോടി രൂപയും സ. ഉ. നമ്പർ 1373/2011/ഐ.ഡി. തീയതി 3-11-2011 എന്ന സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്.

2011-12-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമതു റിപ്പോർട്ടിലെ ശുപാർശകളിൽ വ്യവസായ വകുപ്പിൽ നിന്ന് ഇതുവരെ മറുപടി ലഭ്യമാക്കാത്ത ശുപാർശകൾ സംബന്ധിച്ച വിവരം.

2-9, 44-47, 54-57, 62, 71, 87-89, 96 എന്നീ ഖണ്ഡികകളിലെ ശുപാർശകളിൽ നടപടി സ്വീകരിച്ചതു സംബന്ധിച്ച സ്റ്റേറ്റ്മെന്റ് വ്യവസായ വകുപ്പ് ഇതുവരെ ലഭ്യമാക്കിയിട്ടില്ല.

പി. കെ. കുഞ്ഞാലിക്കുട്ടി,

തിരുവനന്തപുരം,
2012 ജൂലായ് 12.

*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി IV.*

971/2012.